**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1965** **16-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ കേഡർ സ്ട്രെങ്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ ആകെ കേഡർ സ്ട്രെങ്ങ്ത് എത്രയെന്ന് അറിയിക്കാമോ; | (എ) | പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ ആകെ കേഡർ സ്ട്രെങ്ത് 1121 ആണ്. അസിസ്റ്റന്റ് - 373 സീനിയർ ഗ്രേഡ് അസിസ്റ്റന്റ് - 374 അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ - 374 |
| (ബി) | പൊതുഭരണ വകുപ്പിൽ നിലവിൽ ലീവിലും അന്യത്ര സേവനത്തിലുമുള്ളവർ ഒഴികെ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വിശദമാക്കാമോ; | (ബി) | പൊതുഭരണ വകുപ്പിൽ നിലവിൽ ലീവിലും അന്യത്ര സേവനത്തിലുമുള്ളവർ ഒഴികെ അസിസ്റ്റന്റ് തസ്തികയിൽ 1073 പേർ ജോലി ചെയ്യുന്നു. ഇതോടൊപ്പം തന്നെ തസ്തികമാറ്റത്തിന് ചട്ടപ്രകാരം അർഹതയുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്കുള്ള 9 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തസ്തികമാറ്റത്തിന് ചട്ടപ്രകാരം അർഹതയുള്ള താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും അസിസ്റ്റന്റ് തസ്തികിയിലേക്കുള്ള 8 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പി എസ് സി യിലേക്ക് 6 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പോർട്സ് ക്വോട്ടയിലൂടെ പ്രൊവിഷണൽ നിയമനം ലഭിച്ച 9 പേരെ അസിസ്റ്റന്റ് തസ്തികയിൽ ക്രമീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ആശ്രിതനിയമനത്തിനായി ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ 5% മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. |
| (സി) | ഇപ്രകാരം കേഡർ സ്ട്രെങ്ങ്തിനേക്കാൾ എത്രപേരുടെ കുറവ് നിലവിൽ പൊതുഭരണ വകുപ്പിൽ ഉണ്ടെന്നും പ്രസ്തുത ഒഴിവുകൾ എന്തുകൊണ്ട് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്നും വ്യക്തമാക്കാമോ; | (സി) | ഓരോ വർഷവും റിട്ടയർമെന്റ് മൂലവും മറ്റുമുണ്ടാകുന്ന ഒഴിവുകളിൽ ചട്ടപ്രകാരം മാറ്റിവെയ്ക്കേണ്ടവ കിഴിച്ച് ബാക്കിയുള്ള ഒഴിവുകൾ മുൻകൂറായി തന്നെ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. |
| (ഡി) | 17.01.2022 ലെ സ.ഉ.(കൈ.) 08/2022/പൊ.ഭ.വ. | (ഡി) | പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം |

| | | | |
|---|---|---|---|
| | പ്രകാരം പൊതുഭരണ വകുപ്പിൽ ആവശ്യമുള്ളതായി പരാമർശിക്കുന്ന നാൽപ്പത്തിനാല് അധിക അസിസ്റ്റന്റ് തസ്തികകൾ കേഡർ സ്ട്രെങ്ങ്തിൽ ഉൾപ്പെടുന്നതാണോ എന്ന് വ്യക്തമാക്കാമോ; | | ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനായി രൂപീകരിച്ച അഞ്ചംഗസമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 17.01.2022 ലെ സ.ഉ (കൈ) നം. 8/2022/പൊഭവ പ്രകാരം പൊതുഭരണ വകുപ്പിൽ അധികമായി ആവശ്യമുള്ളതായി കണ്ടെത്തിയ 44 തസ്തികകൾ, നിലവിലെ സൂപ്പർ ന്യൂമററി അസിസ്റ്റന്റുമാരെ കൊണ്ടും ബിരുദയോഗ്യതയുള്ള തസ്തികമാറ്റം ആഗ്രഹിക്കുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ കൊണ്ടും നികത്തുവാനാണ് ഉത്തരവായിരിക്കുന്നത്. |
| (ഇ) | ഇപ്രകാരം 44 പേരെ നിയമിക്കുമ്പോൾ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയുടെ ആകെയുള്ള കേഡർ സ്ട്രെങ്ങ്തിനെ മറികടക്കുമോ; വിശദമാക്കാമോ? | (ഇ) | പൊതുഭരണ സെക്രട്ടേറിയറ്റിലെ ജോലിഭാരം ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനായി രൂപീകരിച്ച അഞ്ചംഗസമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 17.01.2022 ലെ സ.ഉ (കൈ) നം. 8/2022/പൊഭവ പ്രകാരം പൊതുഭരണ വകുപ്പിൽ അധികമായി ആവശ്യമുള്ളതായി കണ്ടെത്തിയ 44 തസ്തികകൾ, നിലവിലെ സൂപ്പർ ന്യൂമററി അസിസ്റ്റന്റുമാരെ കൊണ്ടും ബിരുദയോഗ്യതയുള്ള തസ്തികമാറ്റം ആഗ്രഹിക്കുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ കൊണ്ടും നികത്തുവാനാണ് ഉത്തരവായിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ